SUNDAY 14.01.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/01/2024

1. 2023-24 ലെ ഒന്നാം വിള നെല്ല് സംഭരണവില വിതരണം ഊർജിതമായി പുരോഗമിക്കുന്നതായി ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി ആർ അനിൽ പറഞ്ഞു. എസ്.ബി.ഐ., കനറാ ബാങ്കുകൾ മുഖേന പി.ആർ.എസ്. വായ്പയായാണ് സംഭരണവില വിതരണം ചെയ്യുന്നത്. ഈ സീസണിൽ ഇതുവരെ 40086 കർഷകരിൽ നിന്നായി 1.18 ലക്ഷം മെട്രിക് ടൺ നെല്ലാണ് സംഭരിച്ചത്. ഇതിന്റെ വിലയായി 334.36 കോടി രൂപയാണ് നൽകേണ്ടത്. എസ്.ബി.ഐ., കനറാ ബാങ്കുകളുമായി ബന്ധപ്പെട്ട് സപ്ലൈകോ സംഭരണവില പി.ആർ.എസ്. വായ്പയായി നൽകുവാനുള്ള ക്രമീകരണങ്ങൾ നേരത്തെ തന്നെ ഏർപ്പെടുത്തുകയും കർഷകരുടെ പട്ടിക ബാങ്കുകൾക്ക് കൈമാറുകയും ചെയ്തിരുന്നു. കർഷകർ ബാങ്ക് ശാഖകളെ സമീപിച്ച് സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കി സംഭരണവില കൈപ്പറ്റണം. രണ്ടാംവിള നെല്ല് സംഭരണത്തിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. ഇതിനായി പോർട്ടൽ തുറന്നുകൊടുത്തിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

2. തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിൽ ജനകീയസൂത്രണം പദ്ധതിയിൽ കുറഞ്ഞത് 10 സെൻറ് എങ്കിലും താമര കൃഷി ചെയ്യാൻ താല്പര്യമുള്ളവർ ജനുവരി 15നകം കൃഷിഭവനുമായി ബന്ധപ്പെടുക.

3. ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സാഫ് (സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ) നടപ്പാക്കുന്ന ഡിഎംഇ പദ്ധതിയിൽ ചെറുകിടതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ധനസഹായത്തിന് മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ഗ്രൂപ്പുകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. മത്സ്യത്തൊഴിലാളി

കുടുംബരജിസ്റ്ററിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളി- അനുബന്ധ മത്സ്യത്തൊഴിലാളി വനിതകൾ, ആശ്രിതർ എന്നിവർക്ക് അപേക്ഷിക്കാം. 20 നും 40 നും മധ്യേ പ്രായമുള്ള രണ്ട് മുതൽ അഞ്ച് പേരടങ്ങുന്ന ഗ്രൂപ്പുകളായിരിക്കണം അപേക്ഷകർ. ട്രാൻസ്ജെൻഡർ, വിധവ, ശാരീരിക വൈകല്യമുള്ള കുട്ടികളുള്ളവർ എന്നിവർക്ക് 50 വയസ്സുവരെയാകാം. സാഫിൽ നിന്നും ഒരു തവണ ധനസഹായം കൈപ്പറ്റിയവർ അപേക്ഷിക്കേണ്ടതില്ല. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക്ലോണും അഞ്ച് ശതമാനം ഗുണഭോക്തൃവിഹിതവുമായിരിക്കും. ഒരംഗത്തിന് പരമാവധി ഒരു ലക്ഷംരൂപ നിരക്കിൽ അഞ്ച് പേരടങ്ങുന്ന ഗ്രൂപ്പിന് അഞ്ച് ലക്ഷം രൂപ വരെ സബ്സിഡിയായി ലഭിക്കും. ഡ്രൈ ഫിഷ്യൂണിറ്റ്, ഹോട്ടൽ ആൻഡ് കാറ്ററിംഗ്, ഫിഷ് ബൂത്ത്, ഫ്ളോർമിൽ, ഹൗസ്കീപ്പിംഗ്, ഫാഷൻ ഡിസൈനിംഗ്, ടൂറിസം, ഐടി അനുബന്ധ സ്ഥാപനങ്ങൾ, ഫിഷ് വെൻഡിംഗ് കിയോസ്ക്, പ്രൊവിഷൻ സ്റ്റോർ, ട്യൂഷൻ സെന്റർ, കമ്പ്യൂട്ടർ-ഡിടിപി സെന്റർ, ഗാർഡൻ സെറ്റിങ് ആൻഡ് നഴ്സറി, ലാബ് ആന്റ് മെഡിക്കൽ ഷോപ്പ്, ഫുഡ് പ്രോസസിംഗ് മുതലായ യൂണിറ്റുകൾ ആരംഭിക്കാം. മത്സ്യഭവനുകൾ, ജില്ലാ ഫിഷറീസ് ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് അപേക്ഷ ഫാറം ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ജനുവരി 15നകം സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് കോഴഞ്ചേരി തെക്കേമല പന്നിവേലിച്ചിറയിൽ പ്രവർത്തിക്കുന്ന ജില്ലാ ഫിഷറീസ് ഓഫീസുമായി 0468 2967720, 7994132417 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. സംസ്ഥാന മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിനു കീഴിൽ ആലപ്പുഴ തോണ്ടൻകുളങ്ങര, ഇന്ദിര ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന മേഖല മണ്ണ് പരിശോധന ലബോറട്ടറിയിൽ കർഷകരുടെ മണ്ണ് സാമ്പിളുകൾ പരിശോധിച്ച് അനുയോജ്യമായ വളപ്രയോഗ നിർദ്ദേശങ്ങൾ അടങ്ങിയ മണ്ണാരോഗ്യ കാർഡ് നൽകി വരുന്നു. മണ്ണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശോധനയ്ക്ക് നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതാണ്.. താൽപര്യമുള്ള കർഷകർ തണലത്ത് ഉണക്കിയ കുറഞ്ഞത് അരക്കിലോ വരുന്ന മണ്ണ് സാമ്പിളുകൾ ലബോറട്ടറിയിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0477 2236294 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടി**

5. കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം ലാബ് അസിസ്റ്റന്റ്/ പ്രോക്യൂർമെന്റ് അസിസ്റ്റന്റുമാർക്കായി കോഴിക്കോട് ബേപ്പൂർ നടുവട്ടത്തെ ക്ഷീരപരിശീലന കേന്ദ്രത്തിൽ 2024 ജനുവരി 29, 30 തിയതികളിൽ പരിശീലനം സംഘടിപ്പിക്കുന്നു. രജിസ്ട്രഷൻ ഫീസ് 20 രൂപ. ആധാർ കാർഡിന്റെ കോപ്പി പരിശിലന സമയത്ത് ഹാജരാക്കണം. താൽപര്യമുള്ളവർ 2024 ജനുവരി 24 ന് അഞ്ചിന് മുമ്പായി 0495 2414579 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്യുക.

6. തിരുവനന്തപുരം ജില്ലയിലെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ജനുവരി 17 മുതൽ 29 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ സ്വയം തൊഴിൽ സംരംഭകർക്കും വീട്ടമ്മമാർക്കുമായി **"ക്ഷീരോല്പന്ന നിർമ്മാണ പരിശീലന പരിപാടി"** ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ. താൽപര്യമുള്ളവർ ജനുവരി 16-ാം തീയതി വൈകിട്ട് 5 മണിയ്ക്ക് മുൻപായി ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കായിരിക്കും അവസരം ലഭിക്കുക. വിശദ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസിലോ, 0471 2440911 എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം